ദേശാഭിമാനി
07 May 2020

കോവിഡ് ഹോട്ട്സ്പോട്ട്

# മത്സ്യ ലാൻഡിങ് കേന്ദ്രങ്ങളുടെ ഡാറ്റാബേസുമായി സിഎംഎഫ്ആർഐ

**ഹോട്ട്സ്പോട്ടുകളുമായുള്ള സാമീപ്യമനുസരിച്ച് ഫിഷ് ലാൻഡിങ് സെന്ററുകളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചാണ് ഓൺലൈൻ ഡാറ്റാബേസ്**

സ്വന്തം ലേഖകൻ

**കൊച്ചി**

മീൻപിടിത്തം കഴിഞ്ഞെത്തുന്ന സംസ്ഥാനത്തെ ലാൻഡിങ് സെന്ററുകൾ കോവിഡ്–19 ഹോട്ട്സ്പോട്ടുകളുമായുള്ള സാമീപ്യം വ്യക്തമാക്കുന്ന ഓൺലൈൻ ഡാറ്റാബേസ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പുറത്തിറക്കി. കോവിഡ് ഹോട്ട്സ്പോട്ടുകളുമായുള്ള ദൂരപരിധിക്കനുസരിച്ച് കേരളത്തിലെ 156 ഫിഷ് ലാൻഡിങ് സെന്ററുകളെ തരംതിരിച്ച ജിഐഎസ് (ഭൂവിവര വിനിമയ സാങ്കേതികവിദ്യ) ഡാറ്റാബേസാണ് സിഎംഎഫ്ആർഐ തയ്യാറാക്കിയത്. സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽ (www.cmfri.org.in) ഇൻഫോഗ്രാഫിക്സ് വിഭാഗത്തിലാണ് ഡാറ്റാബേസ് നൽകിയിട്ടുള്ളത്.

ഹോട്ട്സ്പോട്ടിന്റെ മൂന്ന് കിലോമീറ്റർ പരിധിയിൽവരുന്നതാണ് ആദ്യവിഭാഗം. ഹോട്ട്സ്പോട്ടുകളുടെ പുതിയ കണക്കനുസരിച്ച് 17 ലാൻഡിങ് സെന്ററുകളാണ് ഇതിലുള്ളത്. തിരുവനന്തപുരം (2), എറണാകുളം (3), കോഴിക്കോട് (2), കണ്ണൂർ (4), കാസർകോട് (6) എന്നീ ജില്ലകളിലാണ് ഇവ. ഹോട്ട്സ്പോട്ടുകളിൽനിന്ന് മൂന്നുമുതൽ അഞ്ച് കിലോമീറ്റർ പരിധിയിലുള്ള 12 സെന്ററുകളാണ് രണ്ടാം വിഭാഗത്തിലുള്ളത്. അഞ്ചുമുതൽ 10 വരെ കിലോമീറ്റർ പരിധിയിൽ വരുന്ന അടുത്ത വിഭാഗത്തിൽ 39 സെന്ററുകളുണ്ട്. ഹോട്ട്സ്പോട്ട് നിർണയത്തിൽ മാറ്റംവരുന്നതിനനുസരിച്ച് ഡാറ്റാബേസിലും മാറ്റം വരുത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞരായ ഡോ. ജെ ജയശങ്കർ, ഡോ. ഷെൽട്ടൺ പാദുവ, ഡോ. സി രാമചന്ദ്രൻ, ഡോ. എം എ പ്രദീപ് എന്നിവരടങ്ങുന്ന സംഘമാണ് ജിഐഎസ് ഡാറ്റാബേസ് വികസിപ്പിച്ചത്.